LIBRARY ARCHIVES Kerala Legislative Assembly

തിരുവമ്പാടിയിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ അനുവദിക്കാൻ നടപടി

157 (5377) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടിയിൽ കെ.എസ്.ആർ.ടി.സി.ഓപ്പറേറ്റിംഗ് സെന്റർ അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, ഈ ഓപ്പറേറ്റിംഗ് സെന്റർ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. തിരുവമ്പാടിയിൽ ഓപ്പറേറ്റിംഗ് സെന്റർ വേണമെന്ന ആവശ്യം പരിശോധിക്കുകയുണ്ടായി. പട്ടണത്തിന്റെ പ്രധാന സെന്ററിൽ കുറഞ്ഞത് 2.5 ഏക്കർ സ്ഥലവും, ഗ്യാരേജ്, കെട്ടിടം, ജീവനക്കാർക്കും യാത്രക്കാർക്കുമുള്ള വിശ്രമമുറികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ കെ.എസ്.ആർ.ടി.സി.ക്ക് മുതൽമുടക്കില്ലാതെ ലഭ്യമായാൽ മാത്രമേ ഒരു ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. ഇവയെല്ലാം ലഭ്യമായാലും തുടർ ചെലവുകൾക്കായി കെ.എസ്.ആർ.ടി.സി. പ്രതിവർഷം 41.52 ലക്ഷം രൂപ ഒരു ഓപ്പറേറ്റിംഗ് സെന്റർ നടത്തിക്കൊണ്ടു പോകുന്നതിന് കണ്ടെത്തേണ്ടിയിരിക്കുന്നു. ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് തിരുവമ്പാടിയിൽ ഒരു ഓപ്പറേറ്റിംഗ് സെന്റർ അനുവദിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി. അപ്രഖ്യാപിത ട്രിപ്പ് റദ്ദാക്കൽ

158 (5378) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിലെ സുൽത്താൻ ബത്തേരിയിൽ സി.ഐ.ടി.യു. യൂണിറ്റ് സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ജീവനക്കാർ 2010 മേയ് 31-ന് കൂട്ട അവധി എടുത്തതിനെ തുടർന്ന് നിരവധി ട്രിപ്പുകൾ റദ്ദാക്കിയ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപ്രഖ്യാപിതമായി ട്രിപ്പുകൾ റദ്ദാക്കിയതുമൂലം പൊതുജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നുവോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ട്രിപ്പ് റദ്ദാക്കൽമൂലം കെ.എസ്.ആർ.ടി.സി.-ക്ക് എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ടി സംഭവത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;